**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയ തുക, കേന്ദ്ര വിഹിതം എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ; അതിൽ 2023 ഡിസംബർ വരെ ചെലവഴിച്ച തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 642.1014 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 284.3067 കോടി രൂപ കേന്ദ്ര വിഹിതമായും 163.1547 കോടി രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതമായും 194.64 കോടി രൂപ സംസ്ഥാന അധിക വിഹിതമായും ഉൾപ്പെടുന്നു.<br><br>(താഴെ കൊടുത്ത പട്ടിക കാണുക)<br><br>ഈ തുകയിൽ നിന്നും നടപ്പ് വർഷത്തെ പദ്ധതി നടത്തിപ്പിനായി 2023 ഡിസംബർ മാസം വരെ 295.013 കോടി രൂപ പാചകചെലവിനം, കുക്ക് ഓണറേറിയം, അരിയുടെ വില, കടത്തുകൂലി എം.എം.ഇ എന്നീ ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് നിലവിൽ എത്ര രൂപയാണ് കുടിശ്ശിക ആയിട്ടുള്ളത്? | (ബി) | 2023-24 സാമ്പത്തിക വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023 ഒക്ടോബർ മാസം വരെയുള്ള പാചകചെലവിനത്തിലെ തുക സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2023 നവംബർ മാസത്തേയ്ക്ക് 36.56 കോടി രൂപയും 2023 ഡിസംബർ മാസത്തേയ്ക്ക് 29.26 കോടി രൂപയും ചേർത്ത് ആകെ 65.82 കോടി രൂപ സ്കൂളുകൾക്ക് കുടിശ്ശികയിനത്തിൽ വിതരണം ചെയ്യേണ്ടതുണ്ട്. കുടിശ്ശിക തുക വിതരണം |

| ബഡ്ജറ്റ് ശീർഷകം | വകയിരുത്തിയിട്ടുള്ള തുക |
|---|---|
| 2202-01-112-90-01-00-0 P-Vകേന്ദ്ര വിഹിതം | 284.3067 കോടി |
| 2202-01-112-90-02-00-0 P-Vസംസ്ഥാന വിഹിതം | 163.1547 കോടി |
| 2202-01-112-89-00-00-0 P-Vസംസ്ഥാന അധിക വിഹിതം | 194.64 കോടി |
| **ആകെ** | **642.1014 കോടി** |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര -സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09.01.2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31 നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ